## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 667** **24.01.2018-ൽ മറുപടിക്ക്**

## ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബ് നൽകുന്ന പദ്ധതി

| | ചോദ്യം<br>ശ്രീ. ടി. വി. ഇബ്രാഹിം: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഉപഭോക്താക്കൾക്ക് എൽ.ഇ.ഡി. ബൾബ് നൽകുന്ന പദ്ധതി വൈദ്യുതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് ഗാർഹിക ഉപഭോക്താക്കൾക്കിടയിൽ ഊർജ്ജ ക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നാഷണൽ എൽ.ഇ.ഡി മിഷൻ പങ്കാളികൾ ആയ ഇ.ഇ.എസ്.എൽ എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി സഹകരിച്ച് 9 വാട്ട്സ് എൽ.ഇ.ഡി ബൾബുകൾ വിതരണം ചെയ്തു വരുന്നു. 75 ലക്ഷം ഉപഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതാണ്. രണ്ട് എൽ. ഇ. ഡി ബൾബുകൾ വീതം ഉപഭോക്താക്കളിൽ എത്തിക്കുന്ന പദ്ധതി പ്രകാരം ഇതുവരെ ഒന്നേകാൽ കോടിയിലേറെ ബൾബുകൾ വിതരണം ചെയ്തു കഴിഞ്ഞു. (1) നോൺ പേയിംഗ് വിഭാഗക്കാർ (2) ബി.പി.എൽ വിഭാഗക്കാർ (1000 വാട്ടിന് താഴെ കണക്ടഡ് ലോഡും പ്രതിമാസം 40 യൂണിറ്റിന് താഴെ ഉപഭോഗവും ഉള്ള വിഭാഗക്കാർ. യൂണിറ്റിന് 1.50 രൂപ നിരക്കിലാണ് ഈ വിഭാഗക്കാരുടെ കറണ്ട് ചാർജ്ജ്) എന്നിവർക്ക് രണ്ട് ബൾബുകൾ വീതം സൗജന്യമായാണ് നൽകുന്നത്. |
| (ബി) | വൈദ്യുതി വകുപ്പിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകുന്നവർക്ക് | (ബി) | വൈദ്യുതി ബില്ലുകളിലൂടെ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് വൈദ്യുതി വകുപ്പിന്റെ ഓഫീസിൽ നേരിട്ട് ഹാജരാകുന്നവർക്കാണ് എൽ. ഇ. ഡി |

| | | | |
|---|---|---|---|
| | മാത്രമാണോ എൽ.ഇ.ഡി. ബൾബ് ലഭിക്കുന്നതെന്ന് അറിയിക്കുമോ; | | ബൾബുകൾ നൽകുന്നത്. ഇപ്രകാരം സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങൾ ഒഴികെയുള്ള എല്ലാ ഉപഭോക്താക്കൾക്കും ബന്ധപ്പെട്ട അധികാരികൾ അറിയിപ്പുകൾ നൽകി വരുന്നു. |
| (സി) | വൈദ്യുതി വകുപ്പ് ഓഫീസിൽ നേരിട്ട് വരാതെ, ഓൺലൈൻ വഴിയോ മറ്റ് രീതിയിലോ ബില്ലടക്കുന്നവർക്ക് എൽ.ഇ.ഡി. ബൾബ് വീടുകളിൽ എത്തിക്കാൻ സംവിധാനമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (സി) | ഇല്ല. |
| (ഡി) | മീറ്റർ റീഡർമാർ വഴി വീടുകളിൽ ബൾബ് വിതരണം നടത്താൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദീകരിക്കാമോ? | (ഡി) | ഇല്ല. |

Hemalatha

**സെക്ഷൻ ഓഫീസർ**